# OFFICE OF THE COCHIN DEVASWOM BOARD
**Round North, Thrissur – 680 001**
PH: 2331124, 2327028
E-mail. admin @cochindevaswomboard.org


No. R.7471/2016 Dated: /07/2023

## പരസ്യം

ശ്രീ വടക്കുന്നാഥൻ ക്ഷേത്രമൈതാനത്തിന്റെ കിഴക്ക് ഭാഗത്ത് പുൽത്തകിടി ഒഴികെയുള്ള സ്ഥലത്ത് തെക്ക് വശത്തായി 2023 ഓണത്തോടനുബന്ധിച്ച് അത്തം മുതൽ 12 ദിവസത്തേയ്ക്ക് 2023 ആഗസ്റ്റ് 20 മുതൽ ആഗസ്റ്റ് 31-ാം തിയ്യതികൂടി പൂക്കച്ചവടം നടത്തുന്നതിന് താൽപര്യമുള്ള വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും മത്സരസ്വഭാവമുള്ള ടെണ്ടറുകൾ ക്ഷണിച്ചുകൊള്ളുന്നു. സീൽ ചെയ്ത ടെണ്ടറുകൾ 25/07/2023 3 പി.എം ന് മുമ്പായി നിരതദ്രവ്യമായി 75000/-ക (എഴുപത്തി അയ്യായിരം രൂപ മാത്രം) യുടെ DD (കൊച്ചിൻ ദേവസ്വം ബോർഡ് സെക്രട്ടറിയുടെ പേരിൽ തൃശ്ശൂരിൽ മാറാവുന്നത്) സഹിതം തൃശ്ശൂർ റൗണ്ട് നോർത്തിൽ ഉള്ള കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. ടെണ്ടറുകൾ അന്നേ ദിവസം 3.30 പി.എം ന് ഹാജരായ ടെണ്ടറുകാരുടെ സാന്നിധ്യത്തിൽ തുറക്കുന്നതും കൂടുതൽ തുകയ്ക്ക് ടെണ്ടർ സമർപ്പിച്ച വ്യക്തിയുടെ പേരിൽ ടെണ്ടർ ഉറപ്പിക്കുന്നതുമാണ് നിരതദ്രവ്യം ഇല്ലാത്ത ടെണ്ടറുകൾ യാതൊരുകാരണവശാലും പരിഗണിക്കുന്നതല്ല ടെണ്ടർ ലഭിക്കുന്ന വ്യക്തി നിയമാനുസൃത ജി.എസ്.ടി യും അടക്കേണ്ടതാണ്. കച്ചവടം നടത്തുന്നതിനാവശ്യമായ എല്ലാ നടപടികളും ടെണ്ടർ ലഭിച്ച വ്യക്തിയുടെ സ്വന്തം ഉത്തരവാദിത്വത്തിലും ചിലവിലും ചെയ്യേണ്ടതും 12-ാം ദിവസം കഴിയുന്ന മുറയ്ക്ക് കച്ചവടം ഒഴിവാക്കി സ്ഥലം പൂർവ്വസ്ഥിതിയിലാക്കി ദേവസ്വം മാനേജരെ തിരികെ ഏൽപ്പിക്കേണ്ടതുമാണ്. ടെണ്ടറുകാരൻ മുഴുവൻ ലേല സംഖ്യയും ഉത്തരവിൽ പറയുന്ന തീയ്യതിക്ക് മുമ്പായി ദേവസ്വത്തിൽ അടച്ച് രശീതി കൈപ്പറ്റേണ്ടതാണ്. ഈ ടെണ്ടർ ദേവസ്വത്തിന് ഗുണകരമല്ലെന്ന് കണ്ടാൽ നിറുത്തിവക്കുന്നതിനും

മറ്റുയുക്തമെന്ന് തോന്നുന്ന നടപടി സ്വീകരിക്കുന്നതിനും താഴെ ഒപ്പുവയ്ക്കുന്ന ഉദ്യോഗസ്ഥന് പരിപൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്. ടെണ്ടറിനെ കുറിച്ച് കൂടുതൽ വിവരങ്ങൾ കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസിൽ പ്രവൃത്തി ദിവസങ്ങളിൽ പ്രവർത്തിസമയങ്ങളിൽ അന്വേഷിച്ചാൽ അറിയാവുന്നതാണ്.

സെക്രട്ടറി

**കൊച്ചിൻ ദേവസ്വം ബോർഡ് കാര്യാലയം,**
തൃശ്ശൂർ
**തിയ്യതി : 12/07/2023**